**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2300** **18/02/2016-ൽ മറുപടിക്ക്**

## നഴ്സ് കം ഫാർമസിസ്റ്റ് (ഹോമിയോപ്പതി) കോഴ്സ്

**ചോദ്യം**
ശ്രീ. എ.കെ.ബാലൻ

**മറുപടി**
ശ്രീ. വി എസ് ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നഴ്സ് കം ഫാർമസിസ്റ്റ് (ഹോമിയോപ്പതി) കോഴ്സ് ഇപ്പോൾ സർക്കാർ നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണ് ഇപ്പോൾ ഈ കോഴ്സ് നടത്തുന്നത്; | (എ) | ഇല്ല. |
| (ബി) | കോഴിക്കോട് മേപ്പയൂർ എ.കെ.ബി മിഷൻ ആശുപത്രിയിൽ നിലവിൽ ഈ കോഴ്സിന് അനുമതി ഉണ്ടോ; 2014-15 അദ്ധ്യയനവർഷം ഇവിടെ വിദ്യാർത്ഥി പ്രവേശനം നടത്തിയിട്ടുണ്ടോ; ഈ വിദ്യാർത്ഥികളുടെ പരീക്ഷ കഴിഞ്ഞ് ഫലം പ്രസിദ്ധീകരിച്ചോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. 2014-15 അദ്ധ്യയനവർഷം ഇവിടെ വിദ്യാർത്ഥി പ്രവേശനം നടത്തിയിട്ടുണ്ട്. ഈ വിദ്യാർത്ഥികളുടെ പരീക്ഷ 29.02.2016 മുതൽ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | ഈ കോഴ്സ് സർക്കാർ നിർത്തലാക്കുകയോ പരിഷ്കരിക്കുകയോ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; നിലവിലുണ്ടായിരുന്ന കോഴ്സിൽ പ്രവേശനം നേടിയവർക്ക് കോഴ്സ് പൂർത്തീകരിക്കാനും സർട്ടിഫിക്കറ്റ് നൽകാനും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | 30.10.2010-ലെ സ.ഉ.(സാധാ) നം.4284/2010/ആ.കു.വ. പ്രകാരം ഈ കോഴ്സ് സർക്കാർ ഹോമിയോ കോളേജുകളിൽ നിർത്തലാക്കിയിട്ടുണ്ട്. പ്രസ്തുത കോഴ്സ് പരിഷ്ക്കരിച്ചിട്ടില്ല. നിലവിലുണ്ടായിരുന്ന കോഴ്സിൽ പ്രവേശനം നേടിയവർക്ക് കോഴ്സ് പൂർത്തീകരിക്കാനും സർട്ടിഫിക്കറ്റ് നൽകാനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | പുതിയ കോഴ്സിന് തുല്യമായി പഴയ കോഴ്സിനെ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (ഡി) | ഇല്ല. |
| (ഇ) | പുതിയ കോഴ്സ് സ്വകാര്യ സ്ഥാപനങ്ങൾക്ക് നടത്താൻ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് അനുമതി; പ്രവേശനത്തിനുള്ള മാനദണ്ഡം, സർക്കാർ നിശ്ചയിച്ച ഫീസ് എന്നിവ വിശദമാക്കുമോ? | (ഇ) | ഇല്ല. |

സെക്ഷൻ ഓഫീസർ